# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **46** **08.02.2016** -ൽ മറുപടിക്ക്

### പി.എസ്.സി. യിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം.ഉമ്മർ<br>,, കെ.എൻ.എ.ഖാദർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കമോ; | (എ) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളായ 04(1) Tour TA, 28 PPSS, 34 OC എന്നീ ശീർഷകങ്ങളിലും 02 wages, 06 RRT എന്നീ ശീർഷകങ്ങളിലും 2015-16 സാമ്പത്തിക വർഷം - ബജറ്റ് വിഹിതത്തേക്കാൾ (Non Plan – charged) കൂടുതൽ ചെലവ് വന്നതിനാലും പരീക്ഷാ ചെലവുകൾ, വാടക എന്നിവ വർദ്ധിച്ചതിനാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സാമ്പത്തിക പ്രയാസം ഉണ്ടായിട്ടുണ്ട്. |
| (ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ പി.എസ്.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;<br>(സി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കമോ? | (ബി) & (സി) സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിന് കമ്മീഷനിലെ 4 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന സമിതി രൂപീകരിക്കുകയും ടി സമിതിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**